EC3/20672/22/ഡി.ടി.ഇ
19.01.2024

## കാരണം കാണിക്കൽ നോട്ടീസ്

തൃക്കരിപ്പൂർ സർക്കാർ പോളിടെക്നിക് കോളേജിലെ കമ്പ്യൂട്ടർ എഞ്ചിനീയറിങ്ങ് വിഭാഗം ലക്ചറർ ശ്രീ. ഫ്രാൻസിസ് ആൻറണി എന്ന താങ്കൾക്ക Appendix XII A part I KSR പ്രകാരം, 04/06/2018 ലെ ഈ ഓഫീസിലെ ഇസി3/17752/2018 നമ്പർ ഉത്തരവ് പ്രകാരം 4 വർഷം ശൂന്യ വേതന അവധി അനുവദിയ്ക്കുകയും , 13/07/2022 ലെ ഇസി3/20672/22 നമ്പർ ഉത്തരവ് പ്രകാരം ഒരു വർഷം കൂടി (ആകെ 5 വർഷം) പ്രസ്തുത അവധി ദീർഘിപ്പിച്ചു അനുവദിയ്ക്കുകയുണ്ടായി. 07/06/2018 മുതൽ അനുവദിച്ചിരുന്ന ശൂന്യ വേതന അവധിക്ക ശേഷം 06/06/2023 മുതൽ താങ്കൾ ജോലിക്ക ഹാജരാകേണ്ടതായിരുന്നു. എന്നാൽ അനുവദിച്ച അവധിയുടെ കാലാവധി കഴിഞ്ഞതിന് ശേഷവും, താങ്കൾ ജോലിയിൽ പുന:പ്രവേശിക്കുന്നതിനായി സ്ഥാപനത്തിലോ ഈ ഓഫീസ്സിലോ അപേക്ഷ നൽകിയിട്ടില്ല.

ശൂന്യവേതന അവധി അവസാനിക്കുന്ന മുറക്ക് സർവീസിൽ ഹാജരാകാതിരിക്കുന്ന പക്ഷം, ചട്ട പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് താങ്കളെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഈ ഓഫീസിലെ 13/07/2022 ലെ ഇതേ നംബർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ താങ്കൾ ഇത് വരെയും ജോലിക്ക ഹാജരായിട്ടില്ല.

സ്ഥാപനത്തിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന താങ്കളുടെ പ്രവൃത്തി ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഔദ്യോഗിക കർത്തവ്യങ്ങളോടുള്ള ഉത്തരവാദിത്വമില്ലായ്മയും, കൃത്യനിഷ്ഠയില്ലായ്മയും, അച്ചടക്ക ലംഘനവുമായി വിലയിരുത്തുന്നു. താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും ആപ്പീലും)) കേരളാ സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവീസ് റൂൾസ് ചട്ടം 19 അനുസരിച്ചു താങ്കളെ സർവീസിൽ നിന്നും പിരിച്ചു വിടാതിരിക്കാൻ എന്തെങ്കിലും ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ ആയത് രേഖാമൂലം ബോധിപ്പിക്കാനായി താങ്കൾക്കെതിരായ മെമ്മോ ഓഫ് ചാർജ്, കുറ്റാരോപണപത്രിക ഈ ഓഫീസിലെ 26/09/2023 ലെ ഇതേ നംബർ കത്ത് പ്രകാരം, സ്ഥാപന മേധാവി മുഖേന താങ്കൾക്ക അയച്ചു തന്നിരുന്നു.

സ്ഥാപന മേധാവിയുടെ കത്ത് പ്രകാരം താങ്കൾക്ക് മേൽ പറഞ്ഞ മെമ്മോ ഓഫ് ചാർജ്, കുറ്റാരോപണ പത്രിക എന്നിവ രജിസ്റ്റേഡ് കത്ത്, ഇമെയിൽ മുഖേന അയച്ചിരുന്നു എന്നും അഡ്രസ് മാറിയതിനാൽ, ആയത് കൈ പറ്റാതെ തിരിച്ചു വരുകയും, ഇമെയിലിനുള്ള മറുപടി ലഭിച്ചിട്ടില്ല എന്നുമുള്ള വിവരം പ്രിൻസിപ്പൽ അറിയിച്ചിരിക്കുന്നു. ആയതിനാൽ താങ്കളെ സർവ്വീസിൽ നിന്നും പിരിച്ചുവിടാതിരിക്കാൻ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ആയത് ലഭിച്ചിരിക്കണം. പ്രസ്തുത കാലാവധിയ്ക്കകം യാതൊരു പ്രതിവാദ പത്രികയും ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് ഇക്കാര്യത്തിൽ ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും ആപ്പീലും)) കേരളാ സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവീസ് റൂൾസ് ചട്ടം 19 അനുസരിച്ചു റൂൾസ്, 11(1) ചട്ടത്തിലെ (viii) അനുഛേദമനുസരിച്ചും നടപടികൾ പൂർത്തിയാക്കുന്നതാണെന്ന വിവരം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**ആരോപണം സംബന്ധിച്ചു താങ്കൾക്ക് നല്കിയ കാരണം കാണിക്കൽ നോട്ടിസ് സീനിയർ ജോയിൻറ് ഡയറക്ടർ(പിഎസ്)ൽ നിന്നും താങ്കൾക്ക് നേരിട്ടോ, തപാൽ മാർഗമോ ലഭിക്കാൻ ആഗ്രഹിക്കുന്ന പക്ഷം, മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ അപേക്ഷിക്കുന്ന പക്ഷം, അപേക്ഷയിൻമേൽ പറഞ്ഞിട്ടുള്ള മേൽവിലാസത്തിൽ അയച്ചുതരുന്നതാണ്.**

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

OFFICE OF THE DIRECTOR OF TECHNICAL EDUCA... KERALA Thiruvananthapuram Pin - 695 023 Date : ...........

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 19.01.2024
Reason: Approved

The document is digitally approved. Hence signature is not needed.

Draft #10 of File EC3/20672/22/DTE Approved by Director (in-charge) on 19-Jan-2024 08:31 PM - Page 1